(സി) ഇത്തരത്തിലൊരു പദ്ധതി ആവിഷ്കരിച്ചിരുന്നെങ്കിലും വാതകത്തിന്റെ വിലയെ സംബന്ധിച്ച് ഉപഭോക്താക്കൾ ഗ്യാസ് മാർക്കറ്റിംഗ് കമ്പനികളുമായി ധാരണയിൽ എത്താത്തതുകൊണ്ട് ഈ പദ്ധതിക്ക് കാര്യമായ പുരോഗതി ഉണ്ടായില്ല.

(ഡി) എൽ. എൻ. ജി. പദ്ധതി കൊണ്ട് സംസ്ഥാനത്തിനുണ്ടായേക്കാവുന്ന നേട്ടങ്ങൾ കണക്കിലെടുത്ത് NTPC-യും KSIDC-യും ചേർന്നുള്ള പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തുടർന്നും പരിശ്രമിക്കുന്നതാണ്.

ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് വിദേശ രാജ്യങ്ങളിൽ നിന്നും സാങ്കേതിക സഹായം

*15 [345] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പി. ജെ. ജോയി:
„ കെ. മോഹൻ കുമാർ:
„ കെ. സി. വേണുഗോപാൽ:
„ വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നും വൈദ്യുതി ബോർഡ് ജല വൈദ്യുതി പദ്ധതികളുടെ നിർമ്മാണത്തിനോ പുതുക്കലിനോ മറ്റെന്തെങ്കിലും കാര്യത്തിനോ വേണ്ടി സാങ്കേതിക വിദ്യയോ കൺസൾട്ടന്റുമാരെയോ നിലവിൽ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാശം നൽകുമോ;

(സി) കൺസൾട്ടന്റുമാരെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ എത്ര പേരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഏത് വർക്കിനുവേണ്ടിയാണ് ഇവരെ സ്വീകരിച്ചതെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഇവർക്കുവേണ്ടി പ്രതിവർഷം എന്തു തുകയുടെ ചെലവ് വരുന്നുവെന്നും വെളിപ്പെടുത്തുമോ;

(ഇ) സാങ്കേതിക വിദ്യ സ്വീകരിച്ച വകയിൽ എന്തു തുക വിദേശ രാജ്യങ്ങൾക്ക് കൊടുക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി: ഈ പദ്ധതിക്കുവേണ്ടി എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിയുമായി കൺസൾട്ടൻസി സർവ്വീസിനുവേണ്ടിയും കൂടാതെ പദ്ധതിക്കു വേണ്ട യന്ത്രസാമഗ്രികൾ, പൈപ്പ് ലൈനുകൾക്കാവശ്യമായ ഇരുമ്പ്, പൈപ്പിന്റെ സപ്ലൈ തുടങ്ങിയവയ്ക്കുവേണ്ടിയും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

2. ചൈനീസ് പദ്ധതികൾ: ചാലിയാർ നദീതടത്തിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികൾ പൈലറ്റ് പദ്ധതികളായി തുടങ്ങുന്നതിന് ചൈനയുടെ സാങ്കേതിക വിദ്യയും ഓൺസൈറ്റ് കൺസൾട്ടേഷനും വേണ്ടി HIC/IN-SHP എന്ന ചൈനയിലെ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

3. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം നവീകരണ പദ്ധതി: ഈ പദ്ധതികളുടെ നവീകരണ ജോലികൾക്കായി കാനഡയിലെ SNC LAVLIN എന്ന കമ്പനിയിൽ നിന്ന് കൺസൾട്ടൻസി സ്വീകരിച്ചിട്ടുണ്ട്.

4. നേര്യമംഗലം: ഈ പദ്ധതിയുടെ നവീകരണത്തിനായി സ്വിറ്റ്സർലാന്റിലെ അൽസ്റ്റോം എന്ന കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

5. ശബരിഗിരി: ഈ പദ്ധതിയുടെ നവീകരണത്തിനായി ഓസ്ട്രിയായിലെ V.A. Tech Hydro എന്ന കമ്പനിയുമായി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്.

(സി) കുറ്റ്യാടി എക്സ്റ്റൻഷന്റെ കൺസൾട്ടൻസി സർവ്വീസിനുവേണ്ടി കാനഡയിൽനിന്നും 4 സാങ്കേതിക വിദഗ്ദ്ധരുടെ സേവനം സൈറ്റിൽ ലഭ്യമായിരുന്നു. ചൈനീസ് പദ്ധതിക്കുവേണ്ടി ഓൺസൈറ്റ് കൺസൾട്ടന്റ്സായി 16 പേരുടേയും മെഷിനറി ഇറക്ഷൻ നടത്തുന്നതിന് 32 ചൈനീസ് സാങ്കേതിക വിദഗ്ദ്ധരുടേയും സേവനം ലഭ്യമാക്കിയിരുന്നു. നവീകരണ പദ്ധതികളിൽ പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികൾക്കുവേണ്ടി മാത്രമേ കൺസൾട്ടൻസി ഏർപ്പെടുത്തിയിട്ടുള്ളൂ. ശബരിഗിരി, നേര്യമംഗലം നവീകരണ പദ്ധതികൾക്ക് കൺസൾട്ടന്റിന്റെ സേവനം ലഭ്യമല്ല.

(ഡി) കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ രൂപകൽപന യന്ത്ര സാമഗ്രികളുടേയും പൈപ്പ് ലൈനുകൾക്ക് ആവശ്യമായ ഇരുമ്പ് പ്ലേറ്റുകളുടേയും സപ്ലൈ തുടങ്ങിയവയാണ് നിർവ്വഹിക്കേണ്ടിയിരുന്നത്. കൺസൾട്ടൻസിക്കായി 14.07 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയാണ് കരാറിൽ വകയിരുത്തിയിരുന്നത്. ചൈനീസ് സാങ്കേതിക സഹായത്തോടെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുവേണ്ടി കൺസൾട്ടൻസി ഇനത്തിൽ പ്രതിദിനം 80 അമേരിക്കൻ ഡോളർ വച്ച് കൊടുക്കണമെന്നാണ് സേവന വേതന വ്യവസ്ഥ. നാല് പദ്ധതികൾക്കും കൂടി മൊത്തം ചെലവ് 1,96,160 അമേരിക്കൻ ഡോളറാണ്. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ കൺസൾട്ടൻസി ചാർജ്ജ് 17.88 കോടി രൂപയാണ്.

കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടേയും പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടേയും കൺസൾട്ടൻസി എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിക്കാണ് നൽകിയിരിക്കുന്നത്. പ്രിലിമിനറി എഞ്ചിനീയറിംഗ് ഡ്രോയിംഗ് തയ്യാറാക്കൽ, സ്പെസിഫിക്കേഷൻ തയ്യാറാക്കൽ, നിർമ്മാണവും യന്ത്രങ്ങൾ സ്ഥാപിക്കുന്ന ജോലികളുടേയും മേൽനോട്ടം, പ്രോജക്ട് മാനേജ്മെന്റ് എന്നിവയാണ് സേവനങ്ങൾ. ചൈനീസ് പദ്ധതികളുടെ കൺസൾട്ടൻസി HIC/IN-SHP എന്ന ചൈനീസ് സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. പദ്ധതികളുടെ രൂപകൽപ്പന, ഓൺസൈറ്റ് കൺസൾട്ടേഷൻ എന്നിവയാണ് സേവനങ്ങൾ.

(ഇ) കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ കൺസൾട്ടൻസി തുകയായി 3.12 ലക്ഷം കനേഡിയൻ ഡോളറിന്റേയും പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിന്റെ കൺസൾട്ടൻസി തുകയായ 9.64 ലക്ഷം കനേഡിയൻ ഡോളറിന്റെ ബിൽ എസ്.എൻ.സി. ലാവലിൻ ബോർഡിന് നൽകിയിട്ടുണ്ട്. ചില വിഷയങ്ങളിൽ തർക്കം നിലനിൽക്കുന്നതിനാൽ ആയതിനുള്ള ബിൽ തുക നൽകിയിട്ടില്ല. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഓൺസൈറ്റ് കൺസൾട്ടേഷൻ കരാർ ഇനത്തിൽ ഇനി നൽകാനുള്ളത് 32,720 യു.എസ്. ഡോളറാണ്.

എനർജി മാനേജ്മെന്റ് സെന്റർ

*16 [346] ശ്രീ. എം. കുമാരൻ:
,, കെ. പി. രാജേന്ദ്രൻ:
,, പി. എസ്.സുപാൽ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു എനർജി മാനേജ്മെന്റ് സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സെന്ററിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനം കൊണ്ട് ഊർജ്ജ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly